ശ്രീ. ടി. വി. തോമസ്: സെലക്ഠ കമ്മിറ്റിയുടെ അധികാരത്തെപ്പറ്റി ഞാൻ പറഞ്ഞു. അതായത്, ചില പ്രൊവിഷൻസ് എടുത്തു കളയുന്നതിനുള്ള അധികാരത്തോടുകൂടി എന്നാണ എന്റെ അമൻഡമെന്റ. ആ അധികാരത്തോടു കൂടിയാണോ സെലക്ട് കമ്മിറ്റിക്ക ബിൽ വിട്ടു കൊടുക്കുന്നത്?

Mr. DEPUTY SPEAKER: With powers for the Select Committee to change the provisions of which Bill?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ ബില്ലിലെ പ്രൊവിഷൻസ് എടുത്തു കളയണമെന്നാണോ, ഒറിജിനൽ ബില്ലിലെ പ്രൊവിഷൻസ എടുത്തു കളയണമെന്നാണോ?

SHRI T. V. THOMAS: From the original Act.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഒറിജിനൽ ബില്ലിനെ സംബന്ധിച്ചാണെങ്കിൽ സാദ്ധ്യമല്ല.

ശ്രീ. എ. ജെ. ജാൺ: പെട്രോളിനെ സംബന്ധിച്ച മാത്രം എടുത്തു കളയ മെന്നാണോ അതോ സെയിൽസ് ടാക്സിനെ സംബന്ധിച്ചുള്ള ജനറൽ ബില്ലിനെ മാറ്റം വരുത്തണമെന്നാണോ. അങ്ങിനെയാണെങ്കിൽ അതു് സാദ്ധ്യമല്ല. ഈ ബില്ലിനെ സംബന്ധിച്ചു ആലോചിയ്ക്കുന്നതിനു ഈ സെലക്ഠ കമ്മിറ്റിക്ക അധികാരം ഉണ്ടു്.

MR. DEPUTY SPEAKER: The question is that the Travancore-Cochin General Sales Tax (Second Amendment) Bill, 1955 be referred to a Select Committee consisting of:

1. Shri O. R. Chummar
2. ,, A. A. D. Luiz
3. ,, R. Ponnappa Nadar
4. ,, K. T. Thomas
5. ,, K. Balakrishnan
6. ,, A. Achuthan
7. ,, P. Ravindran
8. ,, Kuttappan Koickal
9. Dr. J. A. Bhatt and the mover.

The quorum being four and the Committee to report within eight days.

The motion was put and carried.

The Travancore-Cochin Court Fees (Amendment) Bill, 1955.

Home Minister (SHRI A. J. JOHN): Sir, I beg to introduce The Travancore-Cochin Court Fees (Amendment) Bill.

Minister for Health (SHRI A. A. RAHIM): I second it.

MR. DEPUTY SPEAKER: The Bill stands introduced.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : സർ, ആർട്ടിക്കിൾ ഒന്ന് ഷെഡ്യൂൾ രണ്ട് അനുസരിച്ച് മുനിസിപ്പാലിറ്റികളിൽ കൊടുക്കുന്ന ഹർജികൾക്ക് ഒന്നര അണ ഫീസ് ചുമത്തുന്നതു സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്പോൾ തിരുവിതാംകൂർ-കൊച്ചി മുഴുവനും പഞ്ചായത്തു ആക്ട് നടപ്പിൽവരികയും പഞ്ചായത്തുകൾ രൂപീകരിക്കുകയും ചെയ്തു കഴിഞ്ഞു. അപ്പോൾ പഞ്ചായത്തുകളിൽ കൊടുക്കുന്ന ഹർജികൾക്കും ഫീസു ചുമത്തണമെന്നാണ് ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

രണ്ടാമതായി ഇപ്പോൾ കാൺസ്റ്റിറ്റ്യൂഷൻ നടപ്പിൽ വന്നതിനു ശേഷം ആർട്ടിക്കിൾ 226,227 ഇവ അനുസരിച്ച് ഹൈക്കോടതിയിൽ മിക്കവാറും ദിവസവും റിട്ടുകൾ ഫാജരാക്കുന്നുണ്ട്. ഇപ്പോഴത്തെ വ്യവസ്ഥ അനുസരിച്ച് അതിലേയ്ക്കു രണ്ടുരൂപ മാത്രമാണ് ഫീസു ചുമത്തിയിരിക്കുന്നതു്. എന്നാൽ ഇൻഡ്യയിലെ മറ്റു പല സ്റ്റേറ്റുകളിലും ഇതിൽനിന്നും കൂടുതലായി ഫീസ് ചുമത്തിവരുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ചിലപ്പോൾ ഒന്നോ, രണ്ടോ, പത്തോ റിവിഷനുകളും റിട്ടുകളും വന്നുകൊണ്ടിരിക്കുന്നതിനാൽ കൂടുതൽ ഫീസ് ചുമത്തണം. ആ നിലയ്ക്ക് ഇന്നത്തേതിൽനിന്നും വ്യത്യസ്തമായി 25 രൂപ ഫീസു വയ്ക്കണമെന്നാണ് ഇപ്പോൾ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. അതുകൊണ്ട് ഈ ബിൽ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. വി. തോമസ് : ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിലെ എല്ലാ പ്രൊവിഷൻസിനെപ്പറ്റിയും ഞാൻ സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഫണ്ടമെൻറൽ റൈറ്റ്സിനെ നിഷേധിക്കുന്ന അവസരങ്ങളിൽ ഹൈക്കോടതിയിൽ പരാതി കൊടുക്കുന്നതിന് ഇന്നു നിലവിലുള്ള രണ്ടുരൂപാ ഫീസ് പോരാ എന്നും അതിനുള്ള ഫീസ് 25 രൂപ ആയിരിക്കണമെന്നുമുള്ള പ്രൊവിഷനെ ഞാൻ ശക്തിയായി എതിർക്കുന്നു. ഫൺഡമെൻറൽ റൈറ്റ്സ് നിഷേധിക്കുന്ന ഒരാളിനു് ഹൈക്കോടതിയിൽ പരാതിപ്പെടണമെന്നുണ്ടെങ്കിൽ 25രൂപ ഉണ്ടെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ എന്നു പറയുന്ന സർക്കാർ ഫൺഡമെൻറൽ റൈറ്റ്സിനെത്തന്നെ എതിർക്കുകയാണു്. കാൺസ്റ്റിറ്റ്യൂഷനിൽ ഉറപ്പു നൽകിയിരിക്കുന്ന അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി 25 രൂപ മുടക്കണം. ഇതു സാദ്ധ്യമല്ലാത്ത ഒരുവനു് അതു നിഷേധിക്കാൻ തുടങ്ങുകയാണു്. അതുകൊണ്ട് ഈ കാര്യത്തെപ്പറ്റി പരിഗണിക്കുന്നതിനുവേണ്ടി ഈ ബില്ല് ഒരു സെലക്ട് കമ്മിറ്റിക്കു അയയ്ക്കണം.

ശ്രീ. ജോസഫ് ചാഴിക്കാടൻ: സർ, ഈ റിട്ട് ഹർജി കൊടുക്കുക എന്നു പറയുന്നതുതന്നെ സാധാരണഗതിയിൽകൂടി ഒരുവനു് അവന്റെ ന്യായമായ അവകാശങ്ങൾ സാധിക്കാതെ വരുന്ന അവസരത്തിൽ അതിനെ വ്യത്തിയുണ്ടാക്കുന്നതിനുവേണ്ടിയാണു്. അതുകൊണ്ട് റിട്ട് ഹർജികൾക്ക് ഫീസു് വർദ്ധിപ്പിക്കുകയല്ല, ഫീസ് ഇല്ലാതെ ആക്കുകയാണു വേണ്ടതെന്നാണു് എന്റെ അഭിപ്രായം. കാരണം, ഒരാൾ കരഞ്ഞുകൊണ്ടിരിക്കുമ്പോൾ നീ കരയരുതു് കരയണമെന്നുണ്ടെങ്കിൽ അഞ്ചു രൂപ കെട്ടിവച്ചിട്ടു വേണം കരയാൻ എന്നു മനുഷ്യരാണെങ്കിൽ പറയുമോ? ന്യായമായ വഴിയിൽക്കൂടി പോയിട്ട് ഒരു അവകാശം സ്ഥാപിക്കുന്നതിനു് സാധിക്കാതെവരുമ്പോളാണു് നേരിട്ടു റിട്ട് ഹർജികളും മറ്റും കൊടുക്കുന്നതു്. ഇതു പാവപ്പെട്ടവരെ സഹായിക്കുന്നതിനുംകൂടിയാണു് ഇങ്ങനെ ഒരു

വ്യവസ്ഥ ഇപ്പോൾ വച്ചിരിക്കുന്നതു്. ഇപ്പോൾ വച്ചിട്ടുള്ളതായ രണ്ടു രൂപ ഫീസുകൂടി എടുക്കുകയുന്നതാണു നല്ലതു്. അല്ലാതെ അതു് യാതൊരു കാരണവശാലും വർദ്ധിപ്പിക്കരുതു്. ഇരുപത്തിയഞ്ചുരൂപ എന്നു വച്ചിരിക്കുന്നതു എല്ലാപേർക്കും കൊടുക്കാൻ സാദ്ധ്യമല്ല. ഗവണ്മെൻറിനു വല്ല വഴിയിലും കുറെ ചക്രമുണ്ടാക്കണമെന്നുണ്ടെങ്കിൽ അതു ഈ വഴിയിലല്ല. മറ്റു വല്ല വഴികളും ചെയ്യണം എന്നാണെനിക്കു പറയാനുള്ളതു്. അതുകൊണ്ടു് ഞാൻ മി. തോമസ്സിന്റെ അഭിപ്രായത്തെ സപ്പോർട്ടു ചെയ്യുകയും, ഇതു വളരെ ആലോചിച്ചു ചെയ്യേണ്ട ഒരു കാര്യമാണെന്നു് അഭിപ്രായപ്പെടുകയും ചെയ്യുന്നു.

ശ്രീ. എ. ജെ. ജാൺ: ഇതുപോലെയുള്ള റിട്ടു പെറ്റിഷൻസു് കൊടുക്കുന്നതിനു് പല സംസ്ഥാനങ്ങളിലും ഫീസു് വച്ചിട്ടുണ്ടു്. മദ്രാസ്സിൽ ഇരുപത്തിയഞ്ചുരൂപയും, മദ്ധ്യഭാരതത്തിൽ ഇരുപതു രൂപയും ഫീസു വച്ചിട്ടുണ്ടു്. കൂടാതെ ഫീസു് ചുമത്താതെയോ, ഒന്നോ രണ്ടോ രൂപമാത്രം ഫീസു് ചുമത്തിയോ നിയമം ഉണ്ടാക്കുകയാണെങ്കിൽ ആവശ്യമില്ലാത്ത വരും മറവും അടിസ്ഥാനരഹിതമായി റിട്ടു് പെറ്റിഷൻസു് കൊടുത്തു് കോടതിയുടെ സമയം കളയും എന്നുള്ളതാണു് അതിന്റെ ഫലം.

SHRI P. S. NATARAJA PILLI: Cannot the cost be realized from the parties who present frivolous petitions?

ശ്രീ. എ. ജെ. ജാൺ: ശ്രീമാൻ ടി. വി. തോമസും, ശ്രീമാൻ ചാഴിക്കാട്ടുജോസഫും ഇവിടെ പ്രസ്താവിച്ചതുപോലെയായാൽ അതായതു്, ഫൺഡമെൻറൽ റൈറ്റ്സു് അനുസരിച്ചു് ഫീസു് ഇല്ലാതെ റിട്ടു പെറ്റിഷൻസു് കൊടുക്കാൻ വ്യവസ്ഥയുണ്ടായാൽ, അനാവശ്യമായും, അടിസ്ഥാനരഹിതമായും പെറ്റിഷൻസു് കൊടുത്തു് കോടതികളുടെ സമയം വെറുതേ കളയുമെന്നതുമാത്രമേയുള്ളു. അതിനാൽ മദ്രാസിലേയും മറ്റും പോലെ ഫീസു് ചുമത്തുന്നതായിരിക്കും നല്ലതു്.

SHRI P. S. NATARAJA PILLAI: Has Government any objection to make an exception in favour of the rights under the Fundamental clauses alone?

ശ്രീ. എ. ജെ. ജാൺ: ഫൺഡമെൻറൽ റൈറ്റ്സു് അനുസരിച്ചാണു് പെറ്റിഷൻസു് കൊടുക്കുന്നതു്. ആ സ്ഥിതിക്കു് അതിനു എക്സെംപ്ഷൻ കൊടുക്കുകയാണെങ്കിൽ അതു് ശരിയായിരിക്കുകയില്ല.

ശ്രീ. ടി. വി. തോമസു്: അതിനെക്കാൾ വേണ്ടെന്നുവയ്ക്കുന്നതാണു് നല്ലതു്.

ശ്രീ. എ. ജെ. ജാൺ: അങ്ങനെയല്ല ഗവണ്മെൻറിന്റെ ആഗ്രഹം. അതിനാൽ ഈ ബിൽ സെലക്ടുകമ്മിറ്റിക്കു് അയയ്ക്കണമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. എം. പി. മേനോൻ: സർ, ഒരു പായിൻറു് ആഫ് ഇൻഫർമേഷൻ. മൂവർതന്നെ എല്ലാ സെലക്ടുകമ്മിറ്റികളിലും ചെയർമാനായിരിക്കുന്നതു ശരിയാണോ? അങ്ങനെ പല കമ്മിറ്റികളിലും ചെയർമാനായിരിക്കുന്നതുകൊണ്ടു് അദ്ദേഹത്തിനു് മറ്റു ജോലികൾക്കുംപുറമെ കമ്മിറ്റികളിൽ അറ്റൻഡുചെയ്യാൻ സമയം ലഭിക്കുവാൻ വിഷമമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ: മുവർ എല്ലാ കമ്മിറ്റികളിലെയും ചെയർമാനായിരിക്കുയില്ല. ചില കമ്മിറ്റികളിൽ ഫൈനാൻസു് മിനിസ്റ്റർ ആയിരിക്കും ചെയർമാൻ. ചിലത്തിൽ ഞാനായിരിക്കും. ഒന്നോ രണ്ടോ മണിക്കൂർ സമയം അതിലേയ്ക്കു് ചെലവിടുന്നതുകൊണ്ടു് യാതൊരു കഴപ്പും വരാനില്ല. ഇതു് ടാക്സേഷൻ മെഷർ ആണു്. അതുകൊണ്ടു് കഴിയുന്നതുംവേഗം ഈ ബിൽ പാസ്സാക്കണം. പത്തു ദിവസത്തിനകം സെലക്ട്കമ്മിറ്റി റിപ്പോർട്ടചെയ്യാം. അതുകൊണ്ടു് താഴെ റയുന്ന മെംബറന്മാരെ ഉൾപ്പെടുത്തിയുള്ള ഒരു സെലക്ട്കമ്മിറ്റിക്കു് ഈ ബിൽ അയയ്ക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

1. ശ്രീ. കളത്തിൽ വേലായുധൻനായർ
2. ,, എ. സി. ചാക്കോ
3. ,, പി. താണുലിംഗനാടാർ
4. ,, പി. കെ. യശോധരൻ
5. ,, ടി. വി. തോമസ്
6. ,, പി. എസ്. നടരാജപിള്ള
7. ,, പി. ആർ. കൃഷ്ണൻ & Mover. കോറം നാലായിരിക്കുന്നതാണു്.

SHRI A. A. RAHIM: I second it.

Mr. DEPUTY SPEAKER: The question is that the Bill be referred to a Select Committee consisting of.

1. Shri Kalathil Velayudhan Nair
2. ,, A. C. Chacko
3. ,, P. Thanulingam Nadar
4. ,, P. K. Yasodharan
5. ,, T. V. Thomas
6. ,, P. S. Nataraja Pillai
7. ,, P. R. Krishnan, and the Mover, the quorum being four and the Bill to be reportd in ten days.

The motion was put and carried.

The Travancore-Cochin Bhoodan Yagna Bill.

Home Minister (SHRI A. J. JOHN): I beg to introduce the Travancore-Cochin Bhoodan Yagna Bill.

The Bhoodan Yagna Movement of Shri Acharya Vinoba Bhave has already been extended to this State and there has been encouraging response from the people to the movement. The Planning Commission has also mentioned the movement as one having special value for the benifit of landless persons. Steps have already been taken in the States of Madhya Pradesh, Uttar Pradesh, Orissa and Hyderabad to implement the Bhoodan Yagna Movement. It is proposed to take similar legislative action in this State also. The Travancore-

LIBRARY ARCHIVES Kerala Legislative Assembly